# വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

കേരള സർക്കാർ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി ചേർന്ന് പൊതു -സ്വകാര്യ പങ്കാളിത്ത മാതൃകയിൽ ( Public Private Partnership) വികസിപ്പിക്കുന്ന പദ്ധതിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി. നിർമ്മാണം പൂർത്തിയാകുന്നതോടു കൂടി അന്താരാഷ്ട്ര കപ്പൽ ഗതാഗത ഭൂപടത്തിൽ ശ്രദ്ധേയമായ സ്ഥാനം വിഴിഞ്ഞം തുറമുഖം കൈവരിക്കും. 18000 കണ്ടെയ്നറുകൾ വരെ വഹിക്കാൻ ശേഷിയുള്ള കപ്പലുകളെ വളരെ സുഗമമായി കൈകാര്യം ചെയ്യുന്നതിനാവശ്യമായ സൗകര്യങ്ങളാണ് വിഴിഞ്ഞം തുറമുഖ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. പ്രതിവർഷം 10 ലക്ഷം കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായുള്ള ഒന്നാംഘട്ട സൗകര്യങ്ങൾ പൂർത്തിയാക്കി തെക്കൻ ഏഷ്യയിലെ പ്രമുഖ ട്രാൻഷിപ്പ്മെന്റ് തുറമുഖങ്ങളുടെ പട്ടികയിൽ വിഴിഞ്ഞത്തെയും കൊണ്ടുവരുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്.

## 1. തുറമുഖ നിർമ്മാണം

സംസ്ഥാന സർക്കാർ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി (AVPPL) 2015 ആഗസ്റ്റ് 17ന് കൺസഷൻ കരാറിൽ ഒപ്പുവച്ച് 2015 ഡിസംബർ 5-ാം തീയതി തുറമുഖ നിർമ്മാണതിന് തുടക്കം കുറിച്ചു. കരാർ പ്രകാരമുള്ള നിർമ്മാണ പൂർത്തീകരണ തീയതി 2019 ഡിസംബർ 3 ആയിരുന്നു. തുറമുഖ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാത്തതുമായി ബന്ധപ്പെട്ട് നടന്നു വന്നിരുന്ന ആർബിട്രേഷൻ നടപടികൾ ഒത്തു തീർപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ ഒന്നാം ഘട്ടത്തിന്റെ നിർമ്മാണ കാലയളവ് 2024 ഡിസംബർ 3 വരെ സർക്കാർ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

നിലവിൽ, 2024 ജൂൺ 25-ാം തീയതിയോടു കൂടി തുറമുഖത്തിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തികൾ എല്ലാംതന്നെ പൂർത്തീകരിച്ച്, തുറമുഖത്ത് പരീക്ഷണാടിസ്ഥാനത്തിൽ കപ്പലെത്തിച്ച് ട്രയൽ റൺ നടത്തുവാനുള്ള പ്രവർത്തികൾ പുരോഗമിക്കുകയാണ്. 2024 ഒക്ടോബർ-ഡിസംബർ മാസങ്ങൾക്കുള്ളിൽ തുറമുഖത്തിന്റെ ഒന്നാംഘട്ടത്തിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പദ്ധതിയുടെ പ്രധാന ഘടകമായ 3100 മീറ്റർ നീളമുളള പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ പുലിമുട്ടിന്റെ അവസാന ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. ഡ്രെഡ്ജിംഗ് റിക്ലമേഷൻ പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്.

പദ്ധതിയുടെ പ്രധാന യന്ത്രോപകരണങ്ങളായ ക്രെയിനുകൾ 2023 ഒക്ടോബർ മാസം മുതൽ കപ്പൽ മാർഗ്ഗം വിഴിഞ്ഞത്ത് എത്തിച്ചിരുന്നു. തുറമുഖത്തിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കാവശ്യമായ മുഴുവൻ ഷിപ്പ് ടു ഷോർ ക്രെയിനുകൾ ഇതിനകം തുറമുഖത്തിൽ സ്ഥാപിച്ചു കഴിഞ്ഞു. കൂടാതെ, 24 യാർഡ് ക്രെയിനുകളിൽ 23 എണ്ണവും തുറമുഖത്തെത്തിച്ച്സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്.

**പദ്ധതിയുടെ പ്രധാന ഘടകങ്ങളുടെ നിർമ്മാണത്തിൽ നാളിതുവരെ (31/05/2024) കൈവരിച്ച പുരോഗതി ചുവടെ ചേർക്കുന്നു.**

| **തുറമുഖ പദ്ധതിയുടെ ഘടകങ്ങൾ** | **നാളിതുവരെ പൂർത്തീകരിച്ചത് (ശതമാനക്കണക്കിൽ)** |
|---|---|
| ഡ്രെഡ്ജിംഗ് & റിക്ലമേഷൻ | 98 % |
| ബ്രേക്ക് വാട്ടർ | 81 % |
| ബെർത്ത് | 92 % |
| കെട്ടിടങ്ങൾ | 94 % |
| കണ്ടെയ്നർ യാർഡ് | 74 % |
| പദ്ധതി ഉപകരണങ്ങൾ (ക്രെയിനുകൾ ടഗ്ഗുകൾ തുടങ്ങിയവ) | 91 % |
| ഗേറ്റ് സമുച്ചയവും റോഡും | 70 % |
| **പദ്ധതിയുടെ ആകെ പുരോഗതി** | **88%** |

തുറമുഖത്തിലേയ്ക്കായുള്ള യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിൽ 31.05.2024 വരെയുള്ള പുരോഗതി സംബന്ധിച്ച്

| തുറമുഖ പ്രവർത്തനങ്ങൾക്കാവശ്യമായ പ്രധാന യന്ത്രസാമഗ്രികൾ | എണ്ണം | തൽസ്ഥിതി |
|---|---|---|
| കണ്ടെയ്നർ കൈകാര്യം ചെയ്യുവാനുള്ള ക്രെയിനുകൾ | Ship to Shore Cranes (RMQC) – 8 nos | മുഴുവൻ ക്രെയിനുകളും തുറമുഖത്തിൽ സ്ഥാപിച്ചു കഴിഞ്ഞു. |
| | Yard Cranes (CRMG) – 24 nos | 23 ക്രെയിനുകൾ തുറമുഖത്തിൽ സ്ഥാപിച്ചു കഴിഞ്ഞു. |
| ടഗ് ബോട്ടുകൾ | 70 T bollard pull tug – 3 nos<br>40 T bollard pull tug – 1 no. | എല്ലാ ടഗ്ഗുകളുടെയും ഫാബ്രിക്കേഷൻ പൂർത്തിയായിട്ടുണ്ട്. |
| പൈലറ്റ് കം സർവ്വേ വെസ്സൽ | 1 no. | തുറമുഖത്തിൽ എത്തിച്ചു കഴിഞ്ഞു. |
| മൂറിംഗ് ലോഞ്ച് | 2 nos | ഫാബ്രിക്കേഷൻ പുരോഗമിക്കുകയാണ്. |

2. **തുറമുഖ നിർമ്മാണത്തിന് ആവശ്യമായ കരിങ്കല്ല് സംഭരണത്തിന്റെ തൽസ്ഥിതി**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 78.33 ലക്ഷം മെട്രിക് ടൺ കരിങ്കല്ലാണ് ആവശ്യമായിട്ടുള്ളത്. ഇതിൽ, 76.33 ലക്ഷം മെട്രിക് ടൺ കരിങ്കല്ല് നാളിതുവരെ (26/05/2024) കണ്ടെത്തിക്കഴിഞ്ഞു. തുറമുഖത്തിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി ഇനി 2 ലക്ഷം മെട്രിക് ടൺ കരിങ്കല്ല് കൂടി കണ്ടെത്തേണ്ടതുണ്ട്.

## 3. തുറമുഖം പ്രവർത്തനക്ഷമമാക്കുന്നതിനായുള്ള അനുമതികളുടെ തൽസ്ഥിതി

i. തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായുള്ള Interim ISPS Compliance Certificate കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിൽ നിന്നും 02/04/2024 ന് ലഭിച്ചിട്ടുണ്ട്. ഇതിന്റെ കാലാവധി 28/09/2024 വരെയാണ്.

ii. തുറമുഖത്തിൽ കണ്ടെയ്നറുകൾ കയറ്റുമതി/ ഇറക്കുമതി ചെയ്യുന്നതിനായി Customs Port ആയി പ്രഖ്യാപിക്കേണ്ടതുണ്ട്. ഇതിനായി AVPPL സമർപ്പിച്ച അപേക്ഷയ്ക്ക് കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിന്റെ ശുപാർശ ലഭ്യമായിട്ടുണ്ട്.

## 4. ബാഹ്യഅടിസ്ഥാന വികസനം

### i. റോഡ് കണക്ടിവിറ്റി

തുറമുഖത്തെ എൻ.എച്ച് 66-മായി ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം AVPPL-ന്റെ ചുമതലയാണ്. 2 കി.മി നീളമുള്ള ഈ അപ്രോച്ച് റോഡിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. എന്നാൽ ടി അപ്രോച്ച് റോഡ് എൻ.എച്ച് 66-മായി യോജിക്കുന്ന ജംഗ്ഷന്റെ (ഇന്റർസെക്ഷൻ) ഡിസൈൻ NHAI അംഗീകരിച്ചെങ്കിലും, തുറമുഖത്തിലെ ചരക്കുനീക്കം കണക്കിലെടുത്തും, ഔട്ടർ റിംഗ് റോഡിൽ നിന്നുമുള്ള ചരക്കു നീക്കവും കണക്കിലെടുത്ത് NHAI അംഗീകരിച്ച ഡിസൈൻ പുനപരിശോധിച്ച് വരികയാണ്. പുതിയ ഡിസൈൻ പ്രകാരം അധികമായി ഭൂമി ഏറ്റെടുക്കേണ്ടിവരും. അധികഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക വഹിക്കുന്നത് സംബന്ധിച്ചും സമയബന്ധിതമായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ചും സംസ്ഥാന സർക്കാർ NHAI യുമായി ചർച്ച ചെയ്ത് അടിയന്തിരമായി ഒരു തീരുമാനത്തിൽ എത്തിച്ചേരേണ്ടതുണ്ട്. പുതുക്കിയ ഡിസൈൻ പ്രകാരം ജംഗ്ഷൻ നിർമ്മാണം നടപ്പിലാക്കുന്നതിൽ കാലതാമസമുണ്ടാകുമെന്നതിനാൽ, തുറമുഖം പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് റോഡ് മുഖാന്തിരമുള്ള ചരക്ക് നീക്കം പ്രാവർത്തികമാക്കുവാനായി താൽക്കാലിക സംവിധാനങ്ങൾ ക്രമീകരിക്കുന്നതിനായി NHAI യുമായുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്.

### ii. റെയിൽ കണക്ടിവിറ്റി

കൺസഷൻ എഗ്രിമെന്റ് പ്രകാരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന റെയിൽപാത സ്ഥാപിക്കേണ്ടത് 2022 മെയ്

മാസത്തിലായിരുന്നു. ഇതിന്റെ ഉത്തരവാദിത്തം സംസ്ഥാന സർക്കാരിനാണ്. എന്നാൽ, നാളിതുവരെ റെയിൽപ്പാതയുടെ നിർമ്മാണം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (KRCL)-നെയാണ് റെയിൽപ്പാത സ്ഥാപിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. KRCL തയ്യാറാക്കിയ DPR പ്രകാരം 10.7 കി.മി ദൈർഘ്യമുള്ള ഒരു റെയിൽപ്പാതയാണ് വിഭാവനം ചെയ്തിട്ടുള്ളത്. തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ടി പാതയുടെ 9.02 കി.മി ദൂരവും ടണലിലൂടെയാണ് കടന്നു പോകുന്നത്. 5.526 ഹെക്ടർ സ്ഥലമേറ്റെടുക്കൽ (198 കോടി രൂപ) ഉൾപ്പെടെ **1402 കോടി രൂപയാണ് റെയിൽപ്പാതയ്ക്കായുള്ള ആകെ പദ്ധതിച്ചെലവായി കണക്കാക്കിയിട്ടുള്ളത്.** KRCL തയ്യാറാക്കിയ DPR-ന് ദക്ഷിണ റെയിൽവേയുടെ അംഗീകാരം 2022 മാർച്ചിൽ തന്നെ ലഭിച്ചിരുന്നു. കൂടാതെ, പദ്ധതിയ്ക്കാവശ്യമായ പാരിസ്ഥിതികാനുമതിയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. എന്നാൽ, ടി പദ്ധതി നടപ്പിലാക്കുന്നതിനായുള്ള തുക കണ്ടെത്തുന്നതിൽ അനിശ്ചിതത്വം നേരിടുന്ന സാഹചര്യത്തിൽ റെയിൽപ്പാതയുടെ നിർമ്മാണം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

വിഴിഞ്ഞം തുറമുഖത്തെ ബന്ധിപ്പിച്ചുകൊണ്ടുള്ള റെയിൽപ്പാത സ്ഥാപിക്കുന്നതിലൂടെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ചരക്കുകൾ റെയിൽ മാർഗ്ഗം വിഴിഞ്ഞം തുറമുഖത്തിലെത്തിച്ച് കയറ്റുമതി-ഇറക്കുമതി ചെയ്യുവാൻ സാധിക്കുന്നതാണ്. ഇപ്രകാരം ചരക്കു നീക്കത്തിൽ കൂടുതൽ കാര്യക്ഷമത (സമയലാഭം, ചുരുങ്ങിയ ചെലവ്) കൈവരിക്കുവാൻ കഴിയുന്നതുമാണ്. കൂടാതെ, റെയിൽപ്പാത സ്ഥാപിച്ച് ചരക്ക് നീക്കം നടത്തുമ്പോൾ അതിന്റെ നേരിട്ടുള്ള വരുമാനം ഇന്ത്യൻ റെയിൽവേക്ക് ലഭിക്കുന്നതുമാണ്. ആയതിനാൽ, തുറമുഖത്തേക്കുള്ള റെയിൽ കണക്ടിവിറ്റി പദ്ധതി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്നത് അഭികാമ്യമായിരിക്കും. കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികളായ പ്രധാൻ മന്ത്രി ഗതിശക്തി, Scheme for Special Assistance to States for Capital Investment, സാഗർമാല, റെയിൽ സാഗർ തുടങ്ങിയവയിലൂടെ പദ്ധതിക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനായുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്.

### iii. കുടിവെള്ളം

തുറമുഖ പദ്ധതിയ്ക്കായി 7.3 കോടി രൂപ ചെലവിൽ 3.3 ദശ ലക്ഷം ലിറ്റർ ജലം ശുദ്ധീക രിച്ച് നൽകുന്ന പദ്ധതി ഇതിനോടകം തന്നെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ

നിന്നുമുള്ള ജലത്തിന്റെ സിംഹഭാഗവും സംസ്ഥാന ജല അതോറിറ്റിയുടെ (KWA) നിലവിലുള്ള സംവിധാനം ഉപയോഗപ്പെടുത്തി തദ്ദേശവാസികൾക്ക് വിതരണം ചെയ്തു വരുന്നു.

- iv. **വൈദ്യുതി**

തുറമുഖ പ്രവർത്തനാവശ്യത്തിനുള്ള 220 കെ.വി വൈദ്യുതി കാട്ടാക്കട നിന്നും ലഭ്യമാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. ഇപ്രകാരം ലഭ്യമാകുന്ന വൈദ്യുതി, തുറമുഖ പ്രവർത്തനങ്ങൾക്കാവശ്യമായ രീതിയിൽ ക്രമീകരിച്ച് നൽകുന്നതിനായുള്ള സബ് സ്റ്റേഷൻ പ്രവർത്തന സജ്ജമായിക്കഴിഞ്ഞു.

## 5. തുറമുഖത്തിന്റെ 2, 3, 4 ഘട്ടങ്ങളുടെ വികസനം

ആർബിട്രേഷൻ നടപടികൾ ഒത്തുതീർപ്പായതിന്റെ വ്യവസ്ഥ പ്രകാരം AVPPL 2028 ഡിസംബറിന് മുമ്പ് തന്നെ തുറമുഖത്തിന്റെ 2, 3, 4 ഘട്ടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. തുടർ ഘട്ടങ്ങളുടെ പദ്ധതിച്ചെലവായി ഏകദേശം 9500 കോടി രൂപയാണ് AVPPL കണക്കാക്കിയിട്ടുള്ളത്. ടി തുക പൂർണ്ണമായും AVPPL വഹിക്കുന്നതുമാണ്.

തുടർ ഘട്ടങ്ങൾക്ക് പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനായി പാരിസ്ഥിതികാഘാത പഠനങ്ങൾ നടത്തേണ്ടതുണ്ട്. ഇതിനായുള്ള Terms of Reference (ToR)-ന് 2023 ഒക്ടോബറിൽ കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയത്തിൽ (MoEF) നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം പാരിസ്ഥിതികാഘാത പഠനങ്ങൾ നടത്തി കരട് EIA റിപ്പോർട്ട് Kerala State Pollution Control Board മുമ്പാകെ പബ്ലിക് ഹിയറിംഗ് നടത്തുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. പബ്ലിക് ഹിയറിംഗ് 2024 ജൂൺ 19-ന് നിശ്ചയിച്ചിരിക്കുകയാണ്.

തുടർ ഘട്ടങ്ങളുടെ നിർമ്മാണ മേൽനോട്ടത്തിനും ഒന്നാം ഘട്ടത്തിന്റെ പ്രവർത്തന മേൽനോട്ടത്തിനുമായി പുതിയ ഇൻഡിപെൻഡന്റ് എഞ്ചിനിയറെ നിയമിക്കേണ്ടതുണ്ട്. പുതിയ ഇൻഡിപെൻഡന്റ് എഞ്ചിനിയറെ കണ്ടെത്തുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

## 6. തുറമുഖ വികസനവും തൊഴിലവസരങ്ങളും

തുറമുഖത്തിന്റെ ഒന്നാം ഘട്ടം പൂർത്തിയായി പ്രവർത്തന സജ്ജമാകുമ്പോൾ ഏകദേശം 600 പേർക്ക് തുറമുഖത്തിൽ നേരിട്ട് തൊഴിൽ ലഭിക്കുന്നതാണ്. കൂടാതെ, അടുത്ത നാല് വർഷങ്ങൾ കൊണ്ട് പൂർത്തീകരിക്കാനുദ്ദേശിക്കുന്ന 2, 3, 4 ഘട്ടങ്ങളുടെ നിർമ്മാണ കാലയളവിൽ ഏകദേശം 2300 ഓളം പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കുന്നതാണ്. തുടർ ഘട്ടങ്ങൾ പ്രവർത്തന സജ്ജമാകുമ്പോൾ ഏകദേശം 700 പേർക്ക് കൂടി നേരിട്ട് തൊഴിൽ ലഭിക്കുന്നതാണ്.

തുറമുഖം പ്രവർത്തന സജ്ജമാകുമ്പോൾ നേരിട്ട് സൃഷ്ടിക്കുന്ന തൊഴിലിന്റെ 3-4 ഇരട്ടിയായിരിക്കും പ്രത്യക്ഷമായി സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ. കൂടാതെ, തുറമുഖാധിഷ്ഠിത വ്യവസായങ്ങൾ പ്രവർത്തന സജ്ജമാകുമ്പോൾ ഏകദേശം 10 മടങ്ങുവരെ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതാണ്.

## 7. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ

തുറമുഖ നിർമ്മാണത്തിനും ബാഹ്യഅടിസ്ഥാന വികസനങ്ങൾക്കും പുറമേ പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ഉന്നമനത്തിനായി നിരവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ സർക്കാർ -VISL - കരാർ കമ്പനി എന്നിവർ ചേർന്ന് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ പ്രധാന മേഖലകളിലെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

### i. ജീവനോപാധി നഷ്ടപരിഹാരം

പദ്ധതി ബാധിത പ്രദേശങ്ങളിലെ ജനങ്ങളുടെ ക്ഷേമത്തിനായി വളരെ അനുഭാവപൂർവ്വമായ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. ജീവനോപാധി നഷ്ടമാകുന്നവരെ കണ്ടെത്താൻ റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ Livelihood Impact Appraisal Committee (LIAC) യേയും ഇതിന്മേലുയരുന്ന അപ്പീലുകൾ പരിഗണിച്ച് പരിശോധിക്കുന്നതിന് ജില്ലാ കളക്ടർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ LIAC അപ്പീൽ കമ്മറ്റിയേയും സർക്കാർ ചുമതലപ്പെടുത്തുകയുണ്ടായി.

ടി കമ്മറ്റി അംഗീകരിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ അനുവദിച്ച ആനുകൂല്യങ്ങളും നാളിതുവരെ വിതരണം ചെയ്ത ജീവനോപാധി നഷ്ടപരിഹാരത്തിന്റെ വിവരവും ചുവടെ ചേർക്കുന്നു.

- ചിപ്പി/ ലോബസ്റ്റർ വിഭാഗത്തിൽ 262 പേർക്ക് 12.36 കോടി രൂപ വിതരണം ചെയ്തു.
- കരമടി മത്സ്യബന്ധന വിഭാഗത്തിൽ 915 പേർക്ക് 54.92 കോടി രൂപ വിതരണം ചെയ്തു.
- കരമടി അനുബന്ധ സ്ത്രീ ചുമട്ടുതൊഴിലാളി വിഭാഗത്തിൽ 11 പേർക്ക് 0.11 കോടി രൂപ വിതരണം ചെയ്തു.
- കട്ടമര മത്സ്യബന്ധന വിഭാഗത്തിൽ 45 പേർക്ക് 1.89 കോടി രൂപ വിതരണം ചെയ്തു.
- നിർമ്മാണ കാലയളവിൽ പദ്ധതി പ്രദേശം ചുറ്റി പോകേണ്ടതിനാൽ 1221 മത്സ്യ ത്തൊഴിലാളികൾക്ക് 31.57 കോടി രൂപയുടെ മണ്ണെണ്ണ മത്സ്യഫെഡ് മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്.
- റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തു.
- നാല് സ്വയം സഹായ സംഘങ്ങളിലെ 33 പേർക്ക് 0.08 കോടി രൂപ ചെലവഴിച്ചി ട്ടുണ്ട്.

ടി വിവിധ വിഭാഗങ്ങളിലായി **നാളിതുവരെ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള ആകെ 2698 പദ്ധതി ബാധിതർക്ക് 106.9 കോടി രൂപ ജീവനോപാധി നഷ്ടപരിഹാര മായി വിതരണം ചെയ്തിട്ടുണ്ട്.** ടി പ്രദേശങ്ങളിൽ ശേഷിക്കുന്ന ചുരുക്കം പദ്ധതി ബാധിതരെ കണ്ടെത്തുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നട ന്നുവരുന്നു.

### ii. ആരോഗ്യം

നിലവിലെ വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ (CHC) യെ **100 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നടപടികൾ പൂർത്തീ കരിച്ചു വരുന്നു.** കൂടാതെ, കോട്ടപ്പുറം വാർഡിൽ 10 കിടക്കകളുള്ള ഒരു ആശുപത്രി സ്ഥാപിക്കുന്നതാണ്. നിലവിലെ കോട്ടപ്പുറം കുടുംബാരോഗ്യ കേന്ദ്രത്തിനു സമീപമുള്ള ഇടവകയുടെ സ്ഥല സ്ഥലവും ചേർത്ത് തുടർ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാ നിച്ചിട്ടുണ്ട്. ഇതിനായി 11 കോടി രൂപ മതിപ്പ് ചെലവു വരുന്ന ഒരു പദ്ധതി DMO സമർപ്പി ച്ചിട്ടുണ്ട്. കൂടാതെ, വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി കോട്ട പ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി ഫിഷറീസ് വകുപ്പ് തയ്യാ

റാക്കിയിട്ടുണ്ട്. ഇതിനനുയോജ്യമായ സ്ഥലം വാങ്ങുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

### iii. വിദ്യാഭ്യാസം

കേരള സർക്കാരിന്റെ നൈപുണ്യ വികസന പരിശീലന കേന്ദ്രം (ASAP) VISL ലഭ്യമാക്കിയ കോട്ടപ്പുറത്തെ സ്ഥലത്ത് സ്ഥാപിക്കുന്നുണ്ട്. നൈപുണ്യ പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. പ്രദേശവാസികൾക്ക് മുൻഗണന നൽകി തുറമുഖാനുബന്ധ തൊഴിൽ പരിശീലനം ഈ കേന്ദ്രം മുഖേന നൽകുന്നതാണ്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം യാഥാർത്ഥ്യമാവുകയാണ്. ഇവിടെ വിവിധ തരത്തിലുള്ള തൊഴിൽ സാദ്ധ്യതകൾ പ്രത്യക്ഷമായും പരോക്ഷമായും ഉണ്ടാകുന്നതാണ്. തുറമുഖവുമായി ബന്ധപ്പെട്ട കോഴ്സുകളിൽ വ്യാപൃതരാകുവാൻ പ്രത്യേക പരിശീലനം ആവശ്യമാണ്. തദ്ദേശീയരായ യുവതീയുവാക്കൾക്ക് തുറമുഖവുമായി ബന്ധപ്പെട്ട മേഖലയിൽ പരിശീലനം നേടുവാൻ വിഭാവനം ചെയ്തിട്ടുള്ള സ്ഥാപനമാണ് വിഴിഞ്ഞത്തെ കമ്മ്യൂണിറ്റി സ്കിൽ പാർക്ക്. ഇവിടെ, തുറമുഖത്തിന്റെ ആവശ്യാർത്ഥം അന്താരാഷ്ട്ര തുറമുഖത്തിന്റെ കൺസഷണയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് (AVPPL) വിവിധ കോഴ്സുകൾ ആവിഷ്ക്കരിച്ച് ASAP മായി ചേർന്ന് പ്രവർത്തനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

ഈ പദ്ധതിയിലൂടെ തദ്ദേശീയരായ യുവതീയുവാക്കൾക്ക് തുറമുഖാനുബന്ധ കോഴ്സുകളിലുൾപ്പെടെ പ്രാവീണ്യം നേടാൻ സാധിക്കുന്നതാണ്. നിലവിൽ, തുറമുഖാനുബന്ധ മേഖലയിൽ ആവശ്യമായ നൈപുണ്യം കൈവരിച്ചിട്ടുള്ള യുവതീയുവാക്കൾ ഈ പ്രദേശത്ത് തുലോം കുറവാണ്. ഇത് മനസ്സിലാക്കിയാണ് സർക്കാർ

ഇത്തരമൊരു പദ്ധതിക്ക് തുടക്കം കുറിച്ചത്. ഇതിലൂടെ ഈ മേഖലയിൽ ആവശ്യമായ നൈപുണ്യം നേടുവാനുള്ള അവസരം തദ്ദേശവാസികൾക്ക് ലഭിക്കുകയും തദ്വാര വിഴിഞ്ഞം തുറമുഖത്തിലോ മറ്റേതെങ്കിലും തുറമുഖങ്ങളിലോ തൊഴിൽ സാദ്ധ്യത കൈവരിക്കുന്നതിന് തദ്ദേശീയർ പ്രാപ്തരാകുന്നതുമാണ്.

കൂടാതെ, പരോക്ഷമായി വരുന്ന തൊഴിൽ സാദ്ധ്യതകൾ മനസ്സിലാക്കി വിവിധങ്ങളായ മറ്റ് കോഴ്സുകളും ഈ നൈപുണ്യ പരിശീലന കേന്ദ്രം മുഖേന നടപ്പിലാക്കി വരുന്നുണ്ട്. ആയതിനാൽ, തൊഴിലന്വേഷകർക്ക് താത്പര്യാർത്ഥം ഏത് തരം കോഴ്സുകളിൽ വേണമെങ്കിലും പഠിക്കുവാനും തുടർന്ന് അവർക്ക് ഇഷ്ടപ്പെട്ട

രീതിയിൽ ഉപജീവനം കണ്ടെത്തുവാനും സാധിക്കുന്നതാണ്. തീരപ്രദേശത്തെ തൊഴിൽ രീതികൾ മനസ്സിലാക്കി മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ടും വിവിധങ്ങളായ കോഴ്സുകൾ നടത്തുവാൻ ASAP ഉദ്ദേശിക്കുന്നുണ്ട്.

iv. **കുടിവെള്ളം**

തുറമുഖ പദ്ധതിയ്ക്കായി **7.3 കോടി രൂപ ചെലവിൽ നിർമ്മിച്ച 3.3 ദശ ലക്ഷം ലിറ്ററിന്റെ പ്ലാന്റിനു പുറമേ പദ്ധതി പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി കഴിഞ്ഞ വർഷം 1.74 കോടി രൂപ ചെലവിൽ ടി പ്രദേശത്തെ ഭൂരിഭാഗം വീടുകളിലും (1000 ൽപ്പരം) ജല വിതരണ കണക്ഷൻ നൽകിക്കഴിഞ്ഞു.** ശേഷിക്കുന്ന ചുരുക്കം വീടുകളുടെ സർവ്വേ നടത്തി എസ്റ്റിമേറ്റ് ജല അതോറിറ്റി തയ്യാറാക്കി വരുന്നു.

v. **ശുചിത്വം**

പദ്ധതി പ്രദേശത്തെ മാലിന്യ നിർമ്മാർജ്ജനത്തിനായി വിപുലമായ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അനുവദിച്ച സ്ഥലത്ത് ഒരു **അജൈവ ഖര മാലിന്യ സംസ്ക്കരണ കേന്ദ്രം (MRF) സ്ഥാപിക്കുന്നതിനായുള്ള പദ്ധതി** VISL, തിരുവനന്തപുരം കോർപ്പറേഷൻ, ക്ലീൻ കേരള കമ്പനി, കരാർ കമ്പനി എന്നിവർ ചേർന്ന് തയ്യാറാക്കിയിട്ടുണ്ട്. കോർപ്പറേഷന്റെ മേൽനോട്ടത്തിൽ പദ്ധതി നടപ്പിലാക്കുവാനും തുടർ പരിപാലനത്തിനും തീരുമാനിച്ചിട്ടുണ്ട്. ഖര മാലിന്യ സംസ്ക്കരണ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണ ഘട്ടത്തിലാണ്.

vi. **പാർപ്പിടം**

കോട്ടപ്പുറം പ്രദേശത്ത് ഭവന രഹിതരായ 1026 ൽപ്പരം ആളുകൾക്ക് LIFE മിഷൻ പദ്ധതിയിലൂടെ വീട് നൽകുവാനായി നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. LIFE പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലം കണ്ടെത്തിക്കഴിഞ്ഞാൽ ടി 1026 പേർക്ക് മുൻഗണന നൽകി ഭവനങ്ങൾ വിതരണം ചെയ്യുന്നതാണ്.

vii. **മണ്ണെണ്ണ വിതരണം**

വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിൽ നിന്നും പുറപ്പെടുന്ന യന്ത്രവൽകൃത യാനങ്ങൾക്ക് നിർമ്മാണ കാലയളവിൽ പുലിമുട്ട് ചുറ്റിപ്പോകേണ്ട അസൗകര്യം പരിഗണിച്ച് എഞ്ചിൻ ശേഷിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പ്രകാരം 2 വർഷത്തേക്ക് അനുവദിച്ച മണ്ണെണ്ണ വിതരണം മത്സ്യഫെഡ് മുഖേന നടത്തിക്കഴിഞ്ഞു. പുലിമുട്ട്

നിർമ്മാണം പൂർത്തിയാകാത്ത സാഹചര്യത്തിൽ ഒരു വർഷത്തേക്കു കൂടി മണ്ണെണ്ണ വിതരണം ചെയ്യുന്നതിനായി സർക്കാർ ഉത്തരവാകുകയും മണ്ണെണ്ണ വിതരണം ആരംഭിച്ചിട്ടുണ്ട്.

### viii. മത്സ്യബന്ധന തുറമുഖ വികസനവും നവീകരണവും

നിലവിലെ മത്സ്യബന്ധന തുറമുഖം ആധുനികവൽക്കരിച്ച്, ആവശ്യമായ സൗകര്യങ്ങളോട് കൂടിയും ആവശ്യമായ അധിക ഫിഷ്ലാന്റ് സൗകര്യങ്ങളും, ബർത്തുകളും, ഇതര സൗകര്യങ്ങളും സ്ഥാപിക്കുവാനുള്ള പദ്ധതി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും VISL ഉം ചേർന്ന് നടപ്പിലാക്കുന്നതാണ്. ഇതിനായി ഒരു മാസ്റ്റർ പ്ലാനും ഇതര പദ്ധതികളും തയ്യാറാക്കി വരുന്നു.

### ix. സീഫുഡ് പാർക്ക്

തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ കോട്ടപ്പുറത്ത് ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി VISL ന്റെ സ്ഥലം അടയാളപ്പെടുത്തി നടപടികൾ സ്വീകരിച്ചു വരുന്നു.

## 8. കേന്ദ്രസർക്കാരിൽ നിന്നുള്ള Viability Gap Fund (VGF)- ന്റെ തൽസ്ഥിതി സംബന്ധിച്ച്

കേന്ദ്രസർക്കാരിന്റെ VGF സ്കീം മുഖേന **817.80 കോടി രൂപ** പദ്ധതിയ്ക്ക് ലഭിക്കേണ്ടതുണ്ട്. ടി തുക AVPPL-ന് കൈമാറേണ്ട തുകയാണ്. ആർബിട്രേഷൻ നടപടികൾ ഒത്തു തീർപ്പാക്കിയതിനാൽ, VGF-മായി ബന്ധപ്പെട്ട Tri-Partite Agreement ഒപ്പിടുവാൻ സംസ്ഥാന സർക്കാർ സന്നദ്ധമാണെന്ന് കേന്ദ്രസർക്കാരിനെ [Department of Economic Affairs (DEA)] അറിയിച്ചിട്ടുണ്ട്. ആർബിട്രേഷൻ പിൻവലിക്കുന്നതിനായി സംസ്ഥാന സർക്കാരും AVPPL-ഉം തമ്മിൽ എത്തിച്ചേർന്ന വ്യവസ്ഥകളിന്മേൽ കേന്ദ്രസർക്കാർ ആവശ്യപ്പെട്ട വിശദീകരണങ്ങൾക്കെല്ലാം തന്നെ വ്യക്തമായ മറുപടികൾ നൽകിയിട്ടുണ്ട്. DEA-യുടെ Empowered Committee യോഗം കൂടി VGF-നുള്ള അന്തിമ അംഗീകാരം ഉടൻ നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്. Tri-Partite Agreement ഒപ്പിടുന്നതിലൂടെ ടി തുക AVPPL-ന് ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്.

9. **<u>തുറമുഖ പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കായുള്ള തുക അനുവദിക്കുന്നത് സംബന്ധിച്ച്</u>**

i. ഫണ്ടഡ് വർക്ക് ആയ പുലിമുട്ട് നിർമ്മാണത്തിന്റെ 2-ാം ഗഡുവായ 368.30 കോടി രൂപ (60% പുരോഗതി കൈവരിക്കുന്ന ഘട്ടത്തിൽ) സംസ്ഥാന സർക്കാർ AVPPL-ന് നൽകേണ്ടതുണ്ട്. ഇത് 2023 നവംബർ മുതൽ കുടിശ്ശികയാണ്. നാളിതുവരെ 145 കോടി രൂപ മാത്രമാണ് ടി ഗഡുവിൽ AVPPL-ന് നൽകിയിട്ടുള്ളത്. കേന്ദ്രസർക്കാരിന്റെ Scheme for Special Assistance to States for Capital Investment (2023-24) മുഖേന ലഭിച്ച 145.07 കോടി രൂപയാണ് 2024 മാർച്ചിൽ AVPPL-ന് കൈമാറിയത്. ഇതിൽ, **ശേഷിക്കുന്ന 222.96 കോടി രൂപ അടിയന്തിരമായി AVPPL-ന് നൽകേണ്ടതുണ്ട്.** ടി തുക നൽകുന്നതിൽ കാലതാമസമുണ്ടായാൽ (30 ദിവസത്തിൽ കൂടുതൽ) വൈകുന്ന ഓരോ ദിവസവും നഷ്ടപരിഹാരം നൽകാൻ കൺസഷൻ എഗ്രിമെന്റ് പ്രകാരം സർക്കാർ ബാദ്ധ്യസ്ഥരാണ്.

ii. പുലിമുട്ട് നിർമ്മാണം 80% പുരോഗതി കൈവരിച്ചുവെന്നുള്ള ക്ലെയിം AVPPL സമർപ്പിച്ചിട്ടുണ്ട്. മൂന്നാം ഗഡു ആയ **242.22 കോടി രൂപ** സംസ്ഥാന സർക്കാർ AVPPL-ന് നൽകേണ്ടതുണ്ട്. ടി തുകയും ഉടൻ തന്നെ ലഭ്യമാക്കുന്നതിനായുള്ള ഫണ്ട് കണ്ടെത്തേണ്ടതാണ്.

iii. Tri-Partite Agreement ഒപ്പിട്ട് കേന്ദ്ര സർക്കാരിൽ നിന്നും 817.80 കോടി രൂപ AVPPL-ന് ലഭ്യമാക്കുന്നതിനനുസൃതമായി സംസ്ഥാന സർക്കാരിന്റെ വിഹിതമായ **189.60 കോടി രൂപയും** AVPPL-ന് നൽകേണ്ടതുണ്ട്. ഇതിനുള്ള ഫണ്ടും ഉടൻ തന്നെ കണ്ടെത്തേണ്ടതാണ്.

iv. കൺസഷൻ എഗ്രിമെന്റ് പ്രകാരം AVPPL-ന് കൈമാറാനുള്ള ഭൂമിയും, തുറമുഖത്തിലേയ്ക്കുള്ള റോഡ്, റെയിൽ കണക്ടിവിറ്റിക്കുമായി സ്ഥലം ഏറ്റെടുക്കുന്നതിനായി **345 കോടി രൂപ** ആവശ്യമുണ്ട്.

**ഇപ്രകാരം 928.18 കോടി രൂപയാണ് (റയിൽ കണക്ടിവിറ്റി ഒഴികെ) തുറമുഖത്തിന്റെ ഒന്നാംഘട്ട പൂർത്തീകരണത്തിനായി അടിയന്തിരമായി ലഭ്യമാക്കേണ്ടത്.**